**യദാ കർമ്മ വിപാകേഷു ലോകേഷു നിരയാത്മസു**
**വിരാഗോ ജായതേ സമ്യങ്ന്യസ്താഗ്നി: പ്രവ്രജേത്തത: (11-18-12)**
**മൌനാനീഹാനിലായാമാ ദണ്ഡാ വാഗ്ദേഹചേതസാം**
**ന ഹ്യേതേ യസ്യ സന്ത്യംഗ വേണുഭിർന്ന ഭവേദ്യതി: (11-18-17)**
**ബുധോ ബാലകവത് ക്രീഡേത് കുശലോ ജഡവച്ചരേത്**
**വദേദുന്മത്തവദ്വിദ്വാൻ ഗോചര്യാം നൈഗമശ്ചരേത് (11-18-29)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ജിവിതത്തിലെ മൂന്നാം ഘട്ടത്തിൽ മനുഷ്യൻ ഗൃഹസ്ഥ ജീവിതത്തിൽനിന്നും പിൻമാറി ഭാര്യയെയും കൂട്ടി വീടു വിട്ടിറങ്ങണം. അല്ലെങ്കിൽ ഭാര്യയെ മക്കളുടെ ചുമതലയിലേൽപ്പിച്ച് തനിയെ പുറപ്പെടണം. ഇക്കാലത്ത് മാനസീകവും ശാരീരികവുമായി അജ്ഞാനഹേതുകമായ എല്ലാം സമഗ്രമായ പരിശ്രമംകൊണ്ട് ഇല്ലാതെയാക്കണം. പരിപൂർണ്ണമായ ആത്മനിയന്ത്രണവും കഠിന തപ:ശചര്യകളും കൊണ്ടാണിതു സാധിക്കുക. ഉഷ്ണം,കാലവർഷം,ശിശിരം എന്നിവയെഎല്ലാം സഹിച്ച് ആത്മനിയന്ത്രണത്തിൻെറ കഠിനപരീക്ഷകളെ തരണം ചെയ്യുക. ശരീരശുദ്ധിക്കുപോലും വേണ്ടി സമയം വൃഥാ കളയരുത്. ഭക്ഷണം ലഘുവും അതിവ സാത്വീകവുമായിരിക്കണം. പൂജകർമ്മാദികൾക്ക് മുടക്കമൊന്നും വരുത്താൻ ഇനിയും സമയമായിട്ടില്ല.

ആർജ്ജിത പുണ്യം കൊണ്ടു ലഭിച്ച ഇഹലോകമോഹങ്ങളോ, സ്വർഗ്ഗകാംക്ഷയോ എല്ലാം വിട്ടുപോയിക്കഴിഞ്ഞാൽ ഒരുവൻ വാനപ്രസ്ഥം അവസാനിപ്പിച്ച് സന്യാസജിവിതം തുടങ്ങണം. അങ്ങിനെ സന്യാസം സ്വീകരിക്കാൻ തുടങ്ങുമ്പോൾ പലേവിധ തടസ്സങ്ങളും മുന്നിൽവരും. ഭാര്യ, മക്കൾ തുടങ്ങിയ പലേ ഉപാധികളും കൊണ്ടാവും തടസ്സങ്ങൾ ഉണ്ടാവുക. ഇവയെ എല്ലാം ദൃഢനിശ്ചിതനായി തരണം ചെയ്യുക. സന്യാസിക്ക് ശാസ്ത്രവിധികൾ ബാധകമല്ലതന്നെ. മൗനംകൊണ്ട് വാക്കുകളെ നിയന്ത്രിച്ചും, തികഞ്ഞ നിസ്വാർത്ഥത കൊണ്ട് ശരീരം നിയന്ത്രിച്ചും, പ്രാണായാമം കൊണ്ട് മനസ്സു നിയന്ത്രിച്ചും, അയാൾ ജിവിതം നയിക്കേണ്ടതാണ്. താപസൻെറ വേഷഭൂഷാദികൾകൊണ്ടുമാത്രം ഒരുവൻ അതാവുന്നില്ല. സ്വയം മനസ്സും ഇന്ദ്രിയങ്ങളും പൂർണ്ണ നിയന്ത്രണത്തിലാവുമ്പോൾ അയാൾ ലോകം മുഴുവനും ചുറ്റി നടക്കണം. ഭക്ഷണത്തിനുവേണ്ടി ഭിക്ഷയാചിച്ച് ശരീരത്തെ നിലനിർത്തുക. ആത്മവിദ്യാപരമായ ജ്ഞാനം ലഭിച്ചിട്ടില്ലെങ്കിൽ ഒരു ഗുരുവിൻെറ ചരണങ്ങളിലഭയം തേടി ഗുരുവിനെ ഈശ്വരസമാനം സേവിച്ചുപാസിക്കുക. അങ്ങിനെ ആത്മസത്യം മനസ്സിലാക്കുക. അപ്രകാരം വിജ്ഞനായ ഒരുവൻ ലോകത്തുള്ള യാതൊന്നിനോടും മമതാലേശമില്ലാതെ അലഞ്ഞു തിരിയണം. ലോകം മുഴുവൻ വെറുമൊരു ദൃശ്യം മാത്രമെന്നയാൾക്കറിയാം. ബോധോദയമുദിച്ചവനെങ്കിലും അയാൾ ഒരു ശിശുവിനേപ്പോലെ പെരുമാറുന്നു. കാര്യപ്രാപ്തിയും നൈപുണ്യവുമുണ്ടെങ്കിലും ഒരു വിഡ്ഢിയേപ്പോലെയാണയാൾ പെരുമാറുക. അതീവജ്ഞാനിയെങ്കിലും ഭ്രാന്തനേപ്പോലെയും, വേദശാസ്ത്രാദികളിൽ ജ്ഞാനമുണ്ടെങ്കിലും ഒരു മൃഗത്തേപ്പോലെയും അയാൾ പെരുമാറണം. മാനോപമാനങ്ങൾക്ക് നേരേ പ്രതികരിക്കാതെ, ആരോടും ദേഷ്യമോ ഈർഷ്യയോ ഇല്ലാതെ, തന്നോട് എന്തുചെയ്താലും ആരോടും കയർക്കാതെ അയാൾ ജിവിക്കണം. അയാൾക്ക് ആരോടും ശത്രുതയുമരുത്. ഈ നിയമങ്ങളും അയാൾ വെറുമൊരു ലീലപോലെയാണ് കണക്കാക്കുക. അയാളിൽ അജ്ഞതാലേശമില്ല തന്നെ. വൈവിദ്ധ്യമെന്ന തോന്നലേ അയാൾക്കില്ല. അയാൾക്ക് ഒരു ശീലമെന്നപോലെ ലോകദൃശ്യം മരണംവരെ തുടരുന്നു. അതിനുശേഷം അയാൾ എന്നിൽ പൂർണ്ണമായി വിലീനനത്രെ. അയാളിൽ വെറുമൊരു നിഴലുപോലെ ഉണ്ടായിരുന്ന അഹവും ഇല്ലാതാവുന്നു.

ആരെല്ലാം നിസ്വാർത്ഥമതികളായി തൻെറ ധർമ്മങ്ങൾ എന്നിലർപ്പിച്ചനുഷ്ഠിക്കുന്നുവോ അവരെല്ലാം എന്നെ പ്രാപിക്കുന്നു.